കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊടുങ്ങല്ലൂർ നഗരസഭയുടെ പരിധിയിലുള്ള താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം മാനദണ്ഡപ്രകാരം നിയമിച്ചിട്ടുള്ള ഡോക്ടറുടെ സേവനം മൂന്നു മാസത്തേക്ക് തുടരുന്നതിനു മുനിസിപ്പൽ ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും കൊടുങ്ങല്ലൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.4200/2017/തസ്വഭവ തിരുവനന്തപുരം, തീയതി 30.12.2017

പരാമർശം :- 1.) 21.06.2017 ലെ സ.ഉ (സാധാ) നമ്പർ 2096/2017/തസ്വഭവ

2) കൊടുങ്ങല്ലൂർ നഗരസഭാ ചെയർമാന്റെ 13.09.2017 ലെ PH1-9257/17 നമ്പർ കത്ത്

3) 18.11.2017 ലെ സ.ഉ (സാധാ) നമ്പർ 3715/2017/തസ്വഭവ

ഉത്തരവ്

പരാമർശം(1)-ലെ നിർദ്ദേശപ്രകാരം കൊടുങ്ങല്ലൂർ നഗരസഭയുടെ പരിധിയിലുള്ള താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം മാനദണ്ഡപ്രകാരം ഡോക്ടറെ നിയമിച്ചിരുന്നു എന്നും എന്നാൽ പനി ക്ലിനിക്കിൽ രോഗികളുടെ തിരക്ക് നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഡോക്ടറുടെ സേവനം മൂന്നു മാസത്തേക്ക് തുടരുന്നതിനും ആയതിനു മുനിസിപ്പൽ ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം കൊടുങ്ങല്ലൂർ നഗരസഭാ ചെയർമാൻ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡപ്രകാരം ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും ആവശ്യാനുസരണം നിയമിക്കാം എന്ന് നിർദ്ദേശിച്ച് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ നിയമനം സംബന്ധിച്ച കാലാവധി വ്യക്തമാക്കിയിട്ടില്ലാത്തതിനാലും, സമാനമായ സാഹചര്യത്തിൽ ഓച്ചിറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിയമിച്ചിട്ടുള്ള ഡോക്ടറുടെയും നഴ്സിന്റെയും ലാബ് ടെക്നിഷ്യന്റെയും സേവനം തുടർന്നു കൊണ്ടുപോകുന്നതിനുള്ള ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ട് നടപ്പിലാക്കുന്നതിന് അനുമതി നൽകി (09.10.2017 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ ജില്ലാതലം കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ) പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും കൊടുങ്ങല്ലൂർ നഗരസഭയുടെ പരിധിയിലുള്ള താലൂക്ക്

ആശുപത്രിയിൽ എൻ.ആർ.എച്ച്.എം മാനദണ്ഡപ്രകാരം നിയമിച്ചിട്ടുള്ള ഡോക്ടറുടെ സേവനം മൂന്നു മാസത്തേക്ക് തുടരുന്നതിനും, ടിയാന് വേതനം നൽകുന്നതിനുള്ള തുക മുനിസിപ്പൽ ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിനും കൊടുങ്ങല്ലൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
മിനിമോൾ ഡി
ഡെപ്യൂട്ടി സെക്രട്ടറി

പ്രസിഡന്റ്/ സെക്രട്ടറി, കൊടുങ്ങല്ലൂർ നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ